Santhigiri

ഗുരുവാണി

ദൈവം എല്ലായിടത്തും എല്ലാവർക്കും ഒരുപോലെയാണ്.
ആ പരമലക്ഷ്യത്തിലേക്കുള്ള വാതിലാണ് ഗുരു.

# ഉമ്മിണിതങ്കം

VOL 03 | ISSUE 21 | 2017 മെയ് 28 | 1192 ഇടവം 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## മാലിന്യനിർമാർജ്ജന യൂണിറ്റ് ഉദ്ഘാടനം ജൂൺ 1 ന്

**റിസർച്ച് സോൺ:** ആശ്രമം അഗ്രികൾച്ചർ സോണിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന മാലിന്യ നിർമാർജ്ജന യൂണിറ്റിന്റെ (പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്) ഉദ്ഘാടനം ജൂൺ ഒന്നിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. റ്റി. ജലീൽ നിർവഹിക്കും. ആശ്രമം റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വൈകുന്നേരം മൂന്നു മണിക്ക് നടക്കുന്ന ചടങ്ങിൽ സി. ദിവാകരൻ എം. എൽ.എ. അദ്ധ്യക്ഷത വഹിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമാകുന്ന ചടങ്ങിൽ കോലിയക്കോട് എൻ. കൃഷ്ണൻ നായർ, പാലോട് രവി എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കെ. വാസുകി ഐഎഎസ്, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം വൈ. വി. ശോഭകുമാർ, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, വൈസ് പ്രസിഡന്റ് കുതിരകുളം ജയൻ തുടങ്ങിയവർ സംബന്ധിക്കും. ചടങ്ങിൽ വച്ച് വിരമിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം.പി. പ്രമോദിനെ ആദരിക്കുന്നതാണ്.

ലക്ഷ്മിപുരത്തിനു സമീപം ശാന്തിഗിരി ആശ്രമം വക 50 സെന്റ് സ്ഥലത്താണ് നിർദ്ദിഷ്ട പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിതമാകുന്നത്. തിരുവനന്തപുരം ജില്ലയിൽ ആദ്യമായിട്ടാണ് ഒരു പഞ്ചായത്ത് പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നത്. വീടുകളിൽ നിന്നുള്ള ഉപയോഗയോഗ്യമല്ലാത്ത പ്ലാസ്റ്റിക് (കഴുകി വൃത്തിയാക്കി ഉണക്കി സൂക്ഷിച്ചിട്ടുള്ളതു മാത്രം) തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ശേഖരിക്കുന്നതും സംസ്കരിക്കുന്നതുമാണ്. മാണിക്കൽ ഗ്രാമപഞ്ചായത്ത് 2014-ൽ ഗാർഹിക സ്ഥാപന മാലിന്യ സംസ്കരണ നയപരിപാടി പ്രകാരമാണ് പുതിയ പദ്ധതി. എല്ലാ വീടിനും കക്കൂസ് എന്ന ലക്ഷ്യം ഒ.ഡി.എഫ്. പ്രഖ്യാപനത്തോടുകൂടി ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയിട്ടുണ്ട്. വീടും പരിസരവുംവൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടി, ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളം ഉണ്ടാക്കിജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കിണർ റീചാർജിംഗ് തുടങ്ങി നിരവധി പരിപാടികളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നുണ്ട്.



കെ.റ്റി.ജലീൽ

## "പാഥേയ"ത്തിൽ ഈയാഴ്ച
### നബി തിരുമേനിയെക്കുറിച്ചുള്ള എപ്പിസോഡ്

**തിരുവനന്തപുരം:** മതാതീത ആത്മീയതയുടെ സന്ദേശം ലോകത്തിന് പ്രദാനം ചെയ്യുന്ന ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ പാഥേയം പ്രഭാഷണ പരിപാടിയിൽ ഈയാഴ്ച കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബിയുടെ ജീവിതകഥ സംപ്രേഷണം ചെയ്യും. മെയ് 29, 30, 31 തീയതികളിലെ എപ്പിസോഡുകളിലാണ് നബി തിരുമേനിയെക്കുറിച്ചു പ്രതിപാദിക്കുന്നത്. ലോകനന്മയ്ക്കായി പ്രവർത്തിച്ച മഹാത്മാക്കളുടെ ത്യാഗജീവിതം പുതുതലമുറക്ക് പരിചയപ്പെടുത്തുന്ന ഏഷ്യാനെറ്റ് ചാനലിലെ 'പാഥേയം' പ്രോഗ്രാം ഇതിനകംതന്നെ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞിട്ടുണ്ട്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.45 മുതൽ 7.00 മണി വരെയാണ് പാഥേയം സംപ്രേക്ഷണം ചെയ്യുന്നത്.

## ഗുരുവിന്റെ മുന്നറിയിപ്പ്

**ഡോ. റ്റി. എസ്. സോമനാഥൻ**

ഗുരു മുന്നറിയിപ്പു നൽകുന്നു, ബുദ്ധിയുടെ വ്യായാമശാലയിൽ നട്ട് അഴിച്ചിടുന്നവരെക്കുറിച്ച്. 1998 അവസാനവും 1999 ആദ്യമാസങ്ങളിലും ആവർത്തിച്ച് ഗുരു പറഞ്ഞ കാര്യങ്ങൾ ഓർമ്മയിലുണ്ട്. "ഇനി പോകുന്നവർ മുൻപു പോയവരെപോലെ ആയിരിക്കുകയില്ല ന്യായീകരണങ്ങൾ പറയുന്നത്. കേൾക്കുന്നവരുടെ ബുദ്ധിക്കും യുക്തിക്കും തികച്ചും ന്യായമെന്നു തോന്നുന്ന വാദമുഖങ്ങളായിരിക്കും അവർ നിരത്തുക". ഒരു ന്യായാധിപനുപോലും അംഗീകരിക്കാൻ തോന്നുന്ന വിധത്തിലായിരിക്കും അവരുടെ സംസാരം. അതിപ്പോൾ അനുഭവത്തിലായിരിക്കുകയും ചെയ്യുന്നുവല്ലൊ.

ഒരു രംഗം - പാലക്കാട് ആശ്രമം ബ്രാഞ്ചിൽ വേലിയായിട്ട് നിന്നവർ തന്നെ വിളവും തിന്നു നശിപ്പിക്കുന്ന കാലം. 2003 അവസാന മാസങ്ങളിലാണ് സംഭവം പാലക്കാട് ആശ്രമത്തിൽ നടക്കുന്നത്. അവിടെ അവരുടെ കൂടെയും ഇവിടെ നമ്മളുടെ കൂടെയും എന്ന് തോന്നുന്ന മാതിരി പെരുമാറുകയായിരുന്നു ഒരു പ്രധാന വ്യക്തി. ഒരു നാൾ സഹകരണമന്ദിരത്തിനു മുകളിൽ വച്ചു ഇദ്ദേഹം ശിഷ്യപൂജിതയെ കണ്ടു. സമീപത്തു മറ്റൊരാളായി ഞാൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഒരു പിടി മിഠായി വാരി കൈയിൽ കൊടുത്തുകൊണ്ട് അദ്ദേഹത്തിനോട് ശിഷ്യപൂജിത ഇങ്ങനെ പറഞ്ഞു. "ഇത് വിട്ടു പോകാതിരിക്കാൻ". അടുത്ത് വീണ്ടും ഒരു പിടിവാരി കൈയിൽ കൊടുത്തുകൊണ്ട് ചോദിച്ചു, "ഇതെന്തിനാണെന്നറിയാമോ?" അദ്ദേഹം എന്തുഭാവത്തിലെന്നറിയാത്ത ഒരു ചിരി ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു "വിട്ടുപോകാനോ?" ശിഷ്യപൂജിതയുടെ മുഖഭാവം ഗൗരവത്തിലായി. അവിടെ നിന്നും വാക്കുകൾ ഉടൻ വന്നു "അല്ല, മഹാപാപകർമ്മത്തിൽ പങ്കാളിയാകാതിരിക്കാൻ" ഇതുകേട്ട ഞാൻ വിചാരിച്ചു, അപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പാലക്കാട്ടെ സംഭവങ്ങളാണ് സൂചിപ്പിക്കുന്നതെന്ന്. ഇന്നിപ്പോൾ ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞപ്പോൾ മനസിലായി മഹാപാപകർമ്മത്തിലൂടെ വിട്ടുപോകുന്നതെങ്ങനെയാണെന്ന്. മറ്റൊരോർമ്മ വരികയാണ്. ഒന്നിലധികം പ്രാവശ്യം ഗുരു മുന്നറിയിപ്പ് നൽകുന്ന വാക്കുകളാണത് "എടാ നീ എല്ലാവരേയും യൂസ് ലസ്, യൂസ് ലസ് എന്നു പറഞ്ഞു അവസാനം പിള്ളേരു പോലും നിന്നെ യൂസ് ലസ് എന്നു പറയിക്കാൻ ഇട വരുത്തരുത്." പലരും പറയുന്നു ഗുരുവാക്കല്ലേ. എന്തായാലും സംഭവിക്കും എന്ന്. യഥാർത്ഥത്തിൽ അങ്ങനെയാണോ ധരിക്കേണ്ടത്, നാം? ചിന്തിച്ച് മുൻകരുതലെടുത്ത് രക്ഷപ്പെടാനല്ലെ ഗുരു സമയോചിതമായി നമ്മുടെ വാസനാമയങ്ങളെ തിരുത്തിയത്. ആ തിരുത്ത് ഉതകാതെ പോയതെന്ത് എന്ന് ചിന്തിച്ച് ഉത്തരം കണ്ടെത്തിയാൽ നമുക്കും രക്ഷ. ഗുരുലാഭം കൊണ്ട് നേടേണ്ടതെന്ത്. പതഞ്ജലി യോഗസൂത്രത്തിൽ ഇങ്ങനെയാണ് പറയുന്നത്.

"ഹേയം ദുഃഖമനാഗതം 'ആഗതമായിട്ടില്ല' എന്നുവച്ചാൽ സംഭവിച്ചിട്ടില്ല. എന്നാൽ സംഭവിക്കാൻ തലയ്ക്കുമുകളിൽ ഡമോക്ലീസിന്റെ വാൾ പോലെ തൂങ്ങിനിൽക്കുന്നുണ്ട് കർമ്മഗതി എന്ന ദുഃഖം. ഇത് ഒഴിവാക്കണം. അതിനുള്ള മാർഗമാണ് പതഞ്ജലി മഹർഷി പറയുന്നത്. യോഗാചാര്യനായ പതഞ്ജലി യോഗം ചെയ്യാനല്ല, സർവ്വഗുരുക്കന്മാർക്കും ഗുരുവായ ഗുരുവിന്റെ വാക്കിനെ സ്വീകരിച്ച് രക്ഷപ്പെടാനാണ് ഉപദേശിക്കുന്നത്. യേശുക്രിസ്തു തന്നെ നോക്കി പരിതപിക്കുന്ന ജനങ്ങളോട് അന്നുപറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്. "നിങ്ങൾ എന്നെ ഓർത്തു കണ്ണുനീർ തൂകേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് കണ്ണുനീർ തൂകുവിൻ" ന്യായശാസ്ത്രിമാർ ഇതോർക്കുക. നമ്മുടെ ഗുരു വീണ്ടും വീണ്ടും തന്ന മുന്നറിയിപ്പ്. നിങ്ങൾ ഈ സത്യമാർഗത്തിനെ എതിർത്തു തുടങ്ങിയാൽ പിന്നെ നിങ്ങൾക്ക് ഒരു തിരിച്ചു വരവുണ്ടാകില്ല. കൂടുതൽ കൂടുതൽ നിങ്ങളെക്കൊണ്ടു പറയിച്ചു ചെയ്യിച്ചു പരിപൂർണ്ണമായും സുകൃതക്ഷയം വരുത്തി ഒന്നും അവശേഷിപ്പിക്കാതെയാക്കികളയും.

ആത്മഹന്താക്കൾ മുളങ്കൂട്ടം പോലെ പൂത്തുല്ലസിക്കുന്നു.

എനിക്കു പറയാൻ തോന്നിയത്-

*എല്ലാം മറന്നുവോ നിങ്ങൾ*
*ഇന്നീ നിമിഷം മറന്നുവോ?*
*നിങ്ങളീ ഭൂമിയിലി-*
*നീ ഉരുവത്തിലുണ്ടായിരിക്കുന്ന-*
*തെന്തെന്നറിഞ്ഞുവോ*
*മഞ്ഞേറ്റിരുന്നതും മലകേറി വീണതും*
*മരുഭൂവിലന്ധനായ് നൊന്തുതിരിഞ്ഞതും*
*അക്കാടാക്ഷത്തിന്റെ ശീതളഛായയിൽ*
*ദൈവദാസന്മാർ പരിരക്ഷ ചെയ്തതും*
*എല്ലാം മറന്നുവോ നിങ്ങൾ*
*ഇന്നീ നിമിഷം മറന്നുവോ*
*പൂർവ്വജന്മങ്ങളും പൂർവ്വീകരാശിയും*
*ദുഷ്കർമ്മചിന്തയും കർമ്മദോഷങ്ങളും*
*പൈതൃകദത്തമാമാചാര്യ നിന്ദയും*
*കാലം പൊറുക്കാത്ത കാർക്കോടബുദ്ധിയും*
*നിന്റെ പരമ്പരാഗോത്രങ്ങളൊക്കെയും*
*അന്യമായ് പോക്കുന്ന ബീഭത്സദൃശ്യവും*
*കണ്ടുനടുങ്ങുന്ന സത്യദ്രഷ്ടാക്കളും*
*മാഞ്ഞുപോയോ നിന്റെ ഓർമ്മകളൊക്കെയും*
*എല്ലാം മറന്നുവോ നിങ്ങൾ*
*ഇന്നീ നിമിഷം മറന്നുവോ? നിങ്ങളീ ഭൂമിയിലി-*
*നീ ഉരുവത്തിലുണ്ടായിരിക്കുന്നതെന്തെന്നറിഞ്ഞുവോ?*

### പാഥേയം ഇനി എ.സി.വി.യിലും

**തിരുവനന്തപുരം:** പാഥേയത്തിന്റെ തെരഞ്ഞെടുത്ത എപ്പിസോഡുകൾ എ.സി.വി. ചാനലിൽ ബുധനാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്കും ശനിയാഴ്ച വൈകുന്നേരം ഏഴു മണിക്കും പുന:സംപ്രേക്ഷണം ചെയ്യും.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

ഭക്തിയോടൊപ്പം ചില ദോഷവശങ്ങളും പൊങ്ങിവരാറുണ്ട്. എന്തൊക്കെയാണ് ആ ദോഷവശങ്ങൾ? അതിൽ എന്തൊക്കെ നമുക്ക് മാറ്റിയെടുക്കാം? എന്തൊക്കെ പൂർണ്ണമായും വർജ്ജിക്കേണ്ടതുണ്ട്?

മാനസികമായ അറിവ് ഉള്ളവരുടെയും ഇല്ലാത്തവരുടെയും അനുഭവങ്ങൾ ഭിന്നമായിരിക്കും. മാനസികമായ അറിവ് എന്നത് അനുഭവജ്ഞാനപരവും വേദാന്തപരവുമാകാം. മാനസികമായ അറിവുള്ളവർക്കായാലും ഇല്ലാത്തവർക്കായാലും ഭക്തിയോടൊപ്പം ആദ്യം പൊന്തുന്ന ദോഷവികാരം പഞ്ചേന്ദ്രിയപരമാണ്. പഞ്ചേന്ദ്രിയങ്ങൾ ശരീരത്തിന്റെ അഞ്ച് ഗുണവിശേഷങ്ങളെ പ്രതിനിധീകരിക്കുന്നതാണല്ലോ. ഈ ഗുണവിശേഷങ്ങൾ പെട്ടെന്ന് മനസ്സിലേക്കോടിയെത്തുകയാണ്. അപ്പോൾ ഈ ഗുണങ്ങൾ പ്രായോഗികമാകാതെ മനസ്സിനെ സൂക്ഷിക്കണം.

വാസനയുടെ അഭാവം കാരണം എത്രതന്നെ ഉന്നതമായി ചിന്തിക്കാൻ കഴിഞ്ഞാലും അതിന്റെകൂടെ വികാരവും ഉണ്ടാകും. സ്നേഹം കൊണ്ടാണത് എന്നു വേണമെങ്കിൽ പറയാം. പക്ഷെ ഭക്തി ഇല്ല. അതു നല്ലതല്ല. ഭക്തിയെ ഇതിൽനിന്ന് വേർതിരിച്ചെടുക്കണം. കലർപ്പില്ലാത്ത ഭക്തി വേണമെന്നു വച്ചാൽ ആ കലർപ്പ് അറ്റുപോകാൻ നിത്യമായും സ്ഥിരമായും വേല ചെയ്യണം.

അതിന് പല മതത്തിലും പല ന്യായങ്ങളുണ്ട്. ഇസ്ലാം മതത്തിൽ സ്ത്രീകളെ പള്ളിയിൽ പ്രവേശിപ്പിക്കുകയില്ല. എന്നാൽ അവരെ അവിടെ അടക്കം ചെയ്യാം. ജ്ഞാനികളായ സ്ത്രീകൾ അടങ്ങിയിരിക്കുന്ന പള്ളികളുണ്ടല്ലോ. ഉദാഹരണമായി തക്കല പള്ളിയും ബീമാ പള്ളിയും. ഇതെന്താണിങ്ങനെ? അതാത് മതത്തിൽ അടങ്ങിയിരിക്കുന്ന മാനസികമായ അറിവാണ്. ഈ അറിവ് (വേദാന്തം) ക്രിസ്തുമതത്തിനില്ല.

ഭക്തിയുടെ ആദിമഘട്ടത്തിൽ മനസ്സിലേക്കോടിയെത്തുന്ന പഞ്ചേന്ദ്രിയങ്ങളെ എങ്ങനെ അടക്കാം എന്നതാണല്ലോ നമ്മുടെ വിഷയം. ഏതെങ്കിലുമൊരു വികാരം മാറാതെ പിടികൂടിയിരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ഭക്തിചിന്തയെ അതു പൂർണ്ണമായും മറച്ചിരിക്കും. എന്നാൽ ഇടയ്ക്കു ചില സമയങ്ങളിൽ ഭക്തിചിന്ത വീണ്ടുകിട്ടും. അങ്ങനെ കിട്ടുന്ന സമയം കൂട്ടിയെടുക്കാൻ ശ്രമിക്കണം. ശ്രമിച്ചാൽ ഈ സമയം ഒരു ദിവസംവരെ നിലനിർത്താൻ കഴിയും. ഇങ്ങനെ സൂക്ഷിച്ചാൽ ആറു മാസം കൊണ്ട് അതു നേടിയെടുക്കാം.

ഇതിന് ഒരു അർപ്പണം എവിടെയെങ്കിലും വേണം. എവിടെയെങ്കിലും എന്നുവച്ച് പിശാചിൽ മതി എന്നർത്ഥമില്ല. ഹൃദയശുദ്ധിയോടെ ഇഷ്ടപ്പെട്ട ഒരു രൂപത്തിൽ അർപ്പിക്കണം. ഈശ്വരനായിരിക്കുന്ന ഗുരുവിങ്കലായാൽ ഏറെ ഉത്തമം. ഒരു പക്ഷിയെ കണ്ടാൽ വലിയ ഭംഗി. എന്നാൽ അതിന്റെ കൂടു പരിശോധിച്ചാലോ, നാറ്റം കൊണ്ട് ആറാട്ടായിരിക്കും. ഇതിനേക്കാൾ എത്രയോ നാറ്റം പിടിച്ചതാണ് മനുഷ്യൻ. ഇങ്ങനെ നാറ്റം പിടിച്ച, അഷ്ടരാഗങ്ങളുടെ ഇരിപ്പിടമായ ശരീരത്തോട് ആണിനും പെണ്ണിനും ആകർഷണം ഉണ്ടാകുന്നതെന്തുകൊണ്ടാണ്? സ്നേഹംകൊണ്ട്, അതിലുപരി അഴകുകൊണ്ട്. കണ്ണ് കാണുകയേയുള്ളൂ, മനസ്സാണ് അടുപ്പിക്കുന്നത്. ഈ ആകർഷണനിദാനത്തെ മാറ്റിയെടുത്തില്ലെങ്കിൽ അത് നശിപ്പിക്കും. അതുകൊണ്ട് ഈ വാസനകൾ എപ്പോൾ മനസ്സിൽ ഓടിയെത്തിയാലും കർമ്മം കൊണ്ടും അർപ്പണം കൊണ്ടും മാറ്റണം.

പത്തായത്തിലാണ് നെല്ല്. പത്തായത്തിനുള്ളിൽ കാഴ്ചപ്പാടിലെത്താതിരിക്കുന്ന നെല്ലിൽ എങ്ങനെ അർപ്പിക്കും? ആ സ്ഥാനത്ത് ഗുരുവിൽ അർപ്പിക്കണം. ആ സ്ഥാനം ദേവനു കല്പിക്കരുത്. ഏതു കർമ്മത്തിനും അർപ്പണത്തിനും സാക്ഷിയായിരിക്കാൻ ഗുരുവിനേ കഴിയൂ. ദേവന് അതാവില്ല. ഏതു ചീത്തയും ഗുരുവിങ്കൽ അർപ്പിക്കാം. ഗുരുവിങ്കൽ അർപ്പിക്കുമ്പോൾ അത് നശിക്കും.

## വചനദീപ്തി

**വിശ്വാസത്തിന് എഴുപതിൽപ്പരം ശാഖകളുണ്ട്. ഏകദൈവാരാധന ഏറ്റവും ശ്രേഷ്ഠം. വൃത്തി വിശ്വാസത്തിന്റെ പാതി. വഴിയിലെ മാലിന്യം നീക്കൽ വിശ്വാസത്തിന്റെ ഭാഗം.**

**മുഹമ്മദ് നബി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മെയ് 28 മുതൽ ജൂൺ 3 വരെ*

| | |
|---|---|
| ഞായർ | – ജനസേവികപുരം, രത്നഗിരി |
| തിങ്കൾ | – സ്നേഹപുരം, കാഞ്ഞാംപാറ |
| ചൊവ്വ | – പോത്തൻകോട്, പാലോട്ടുകോണം |
| ബുധൻ | – എല്ലാ യൂണിറ്റുകളും സംയുക്തമായി |
| വ്യാഴം | – ജ്യോതിപുരം |
| വെള്ളി | – ശാന്തിപുരം |
| ശനി | – കരുണപുരം |

## യാമപ്രാർത്ഥന

*2017 ജൂൺ 1 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, രത്നഗിരി, ലക്ഷ്മിപുരം**

പ്രകാശപഥം

# സ്നേഹത്തിന്റെ ഏറ്റവും സമുന്നതമായ ഭാഗത്തിൽ നാം പങ്കുചേരുമ്പോൾ

ഈ ജീവിതത്തിന്റെ ഏതെല്ലാം സന്ധിഘട്ടങ്ങളുണ്ടോ ആരാധനാസ്വഭാവങ്ങളുണ്ടോ ഇതെല്ലാം കാലാനുസൃതമായ ധർമ്മത്തിൽക്കൂടി പോയി ആ കാലത്തിന്റെ ധർമ്മം എന്താണെന്നു മനസിലാക്കിയിട്ട് യുഗധർമ്മാധികാരിയായി നില്ക്കുന്ന ആ ഗുരുവിനെക്കണ്ട് നമിക്കാനും അതിനോട് ചോദിച്ച് അല്ലെങ്കിൽ ആ പ്രകാശരൂപത്തോട് ചോദിച്ചിട്ട് ജീവിതചര്യ നയിക്കാനും കഴിയുന്ന നമ്മുടെ ഭാഗ്യം പുണ്യത്തിൽ വച്ച് പുണ്യവും ഭാഗ്യത്തിൽവച്ച് ഭാഗ്യവുമായ ഒരു ഭാഗമാണ്. കാലം കലിയുഗമാണെങ്കിൽ ആ കലിക്കൊരു ധർമ്മമുണ്ട്. ശൂദ്രൻ കലിയുടെ ധർമ്മം എങ്ങനെയാണ് ചെയ്തെടുക്കേണ്ടതെന്നും ദ്വാപരത്തിന്റെ ധർമ്മം എന്താണെന്നും ത്രേതായുഗത്തിന്റെ ധർമ്മം എന്താണെന്നും കൃതയുഗത്തിന്റെ ധർമ്മം എന്താണെന്നും മനുഷ്യന്റെ തന്നെ മാംസക്കണ്ണുകൊണ്ടും സൂക്ഷ്മാൽ സൂക്ഷ്മതരമായിട്ടും അനുഭവിച്ചറിഞ്ഞിട്ട് ജനനന്മയിലേക്ക് കടക്കുന്ന ഒരു ഭാഗമുണ്ട്. അതാണ് മാനവരാശി ഇന്നലെ, ഇന്ന്, നാളെ എന്നു പറയുന്ന മഹത്വം.

നമുക്കും ഏവർക്കും ഒരുമിച്ചു പങ്കുവയ്ക്കാനും ആ പങ്ക് ലോകത്തെടുത്തു വിളമ്പാനും കഴിയുന്ന ഒരു ദർശനസത്യമായിത്തീരാനും ആ സത്യം യേശു പറഞ്ഞതുപോലെ അന്വേഷിച്ചു കണ്ടെത്തി മുട്ടിത്തുറക്കപ്പെടണം എന്നു പറയുന്ന ഭാഗവും, ജിന്നുക്കളാണ് ലോകം ഭരിക്കുന്നത് എന്നു പറയുന്ന ഭാഗവും അങ്ങനെ അനവധി ഋഷീശ്വരന്മാരുടെയും അപ്പോസ്തലന്മാരുടെയും ഉസ്താദുമാരുടെയും ഭാഗങ്ങളെ തിരിച്ചറിഞ്ഞിട്ട് ജ്യോതിർജ്യോതിർസ്വഭാവമായി നില്ക്കുന്ന പ്രകാശധാരയുടെ ഒരു ഭാഗമുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞ അശരീരി സ്വഭാവം എന്നു പറയുന്നത്.

ഇതെല്ലാം കണ്ടിട്ട് മനുഷ്യർ ഇന്നതുപോലെ ജീവിക്കണം, ഇന്നതുപോലെ ജീവിക്കേണ്ട എന്നു പറയുന്ന ഒരു യുഗധർമ്മപരിവർത്തന ദൃഷ്ടാന്തമുണ്ട്. അതിൽക്കൂടി മനുഷ്യൻ ചലിച്ചിട്ട് 'നീയല്ലോ സൃഷ്ടിയും സൃഷ്ടിജാലവും' എന്നു പറയുന്ന ഭാഗത്ത് ഇതിനെ വേർതിരിച്ചറിഞ്ഞിട്ട്, ഇങ്ങനെ 'അറിവിലുമേറി അറിഞ്ഞിടുന്നവൻ' എങ്ങനെയാണ് ആ മനുഷ്യനെ തന്റെ ദൈവമായും ഗുരുവായും തന്റെ എല്ലാമായും കാണുന്നതെങ്ങനെ എന്നറിഞ്ഞിട്ട്, സകലവിധ സന്നിധാനങ്ങളും കടന്നിട്ട്, അതിൽനിന്നും ഉരുത്തിരിയുന്ന കർമബോധവും ധർമ്മബോധവും ആ ധർമ്മബോധത്തിൽക്കൂടി പുണ്യവും ഭാഗ്യവും ഉതിരുന്ന സന്താനങ്ങളുടെ ഭാഗ്യം എങ്ങനെയാണ് നാം വിവരിക്കുന്നതെന്ന് പറയാൻ പറ്റാത്തവിധം, മനുഷ്യജന്മത്തിനും അല്ലെങ്കിൽ സൃഷ്ടിക്ക് അനുയോജ്യമായ ഒരു സന്താനത്തെ വാർത്തെടുക്കാൻ, ഈ ഗൃഹസ്ഥാശ്രമിയിൽക്കൂടി ഈ ലോകത്ത് യോഗിയും കർമിയും ജ്ഞാനിയും ഭക്തനും എന്നുവേണ്ട ലോകത്തിന്റെ സകല നന്മകളും വിളംബരം ചെയ്യുന്ന അല്ലെങ്കിൽ പകർന്നുകൊടുക്കുന്ന അല്ലെങ്കിൽ പങ്കുവയ്ക്കുന്ന, മനുഷ്യനന്മയുടെ പുണ്യാതിരേകമായി നില്ക്കുന്ന ഭാഗത്തു ജനിക്കാനും അതിനെ പങ്കുവയ്ക്കാനും കഴിയുന്ന സ്നേഹത്തിന്റെ ഏറ്റവും വലിയ സമുന്നതമായ ഭാഗത്തിൽ നാം പങ്കുചേരുമ്പോൾ, നാം എല്ലാവരും തന്നെ ഏതോ ഒരു നിയാമകത്തിന്റെ അല്ലെങ്കിൽ ഒരു നിയോഗത്തിന്റെ നിശ്ചയദാർഢ്യത്തിന്റെയും ഒരു സ്വഭാവമായി നാം കാണുകയും, അതു ചെയ്തു ഫലിപ്പിക്കാനും, വരുംകാലങ്ങളിൽ ഓരോ വീടിനും ഓരോ വ്യക്തിക്കും എന്തു നന്മയാണോ കിട്ടേണ്ടത്, ആ കിട്ടേണ്ട ഭാഗത്തിൽ മാനവരാശിക്കു പകരാനും കഴിയുന്ന ഗൃഹസ്ഥന്മാരായിത്തീരാനും, ആ ഉടമസ്ഥത തന്റെ വീടിന്റേതായിത്തീരാനും തന്റെ നാടിന്റേതായിത്തീരാനും തന്റെ രാജ്യത്തിന്റേതായിത്തീരാനും, തന്റെ ലോകത്തിനു വേണ്ടുന്ന ഏറ്റവും വലിയ ഒരു സങ്കല്പശേഷിത്വമായിത്തീരാനും, അത് വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണ് ദൈവം എന്നു പറയുന്ന ഭാഗത്തിൽ ആ ദൈവത്തെ കണ്ടറിയുന്ന ഭാഗം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# വാക്കുകൾ കൊണ്ട് ഫലിപ്പിക്കാനാവാത്ത കാരുണ്യം

വാക്കുകൾകൊണ്ട് എഴുതി ഫലിപ്പിക്കാൻ കഴിയാത്തതാണ് മഹാഗുരുവിന്റെ കാരുണ്യം. ഭൗതികലാഭങ്ങൾക്കൊപ്പം ആത്മീയ ലാഭങ്ങളും ഒന്നിച്ച് ചേർക്കണമെന്ന് ഗുരു ഓർമ്മിപ്പിച്ചു. ഈ പാഠം പഠിക്കുന്നവനാണ് ഗുരുവിന്റെ യഥാർത്ഥ അനുയായി. മുള്ളിനെ മുള്ളുകൊണ്ടാണ് എടുക്കേണ്ടതെന്ന് പറയുന്നു. കാലാകാലങ്ങളായി നമ്മിൽ വന്നുചേരുന്ന വാസനകൾ കാലമെടുത്തും തലമുറകളിലൂടെയുമേ തിരുത്താനാവൂ. അതും പൂർണനായ ഒരു ഗുരുവിലൂടെ മാത്രം. അതിനായി ത്യാഗം ചെയ്യേണ്ടത് ഓരോരുത്തരുടെയും ആത്മബോധത്തിൽ അധിഷ്ഠിതമാണ്. അറിവിന്റെയും അത്ഭുതത്തിന്റെയും വെളിച്ചം പകർന്ന് അപൂർണ്ണതയിൽ നിന്ന് പൂർണതയിലേക്ക് ഒരു വഴി കാട്ടിത്തരുന്ന മഹാ അനുഭവമാണ് ഗുരു. സത്യം എന്ന വാക്കിലാണ് ഗുരു എല്ലാം സമർപ്പിച്ചത്. സത്യമാണ് ഗുരു. ഗുരുതന്നെയാണ് സത്യം. സത്യം തന്നെയാണ് ഗുരു. അതിനാൽ നവജ്യോതിശ്രീ കരുണാകരഗുരു തന്നെയാണ് സത്യം എന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും. ഗുരുവിനെ മനസിലാക്കാനും ഗുരുവിന്റെ അതേ ദിശയിൽ കർമനിരതനാകാനും നാം പ്രതിജ്ഞ എടുക്കേണ്ടതുണ്ട്.

ആ വാക്കുകൾ നമ്മെ കർമ്മനിരതരാകാൻ പ്രേരിപ്പിക്കുന്നു. പക്ഷെ നാം പലപ്പോഴും കർമ്മം മറക്കുകയാണ്. സത്യവും അതുമായി ബന്ധപ്പെട്ട തലങ്ങളും നാം മറക്കുകയാണ്. അസത്യങ്ങളും കപടതകളും നിറയുന്ന ആധുനികതയുടെ ഈ കാലത്ത് സത്യത്തിലേക്കും സത്യം നല്കുന്ന ആത്മീയതയിലേക്കും മടങ്ങുകയാണ് വേണ്ടത്.

മറ്റ് എന്തിനൊക്കെയോ വേണ്ടി എന്തൊക്കെയോ ചെയ്തുകൂട്ടുന്ന ജനതയായി മാറുന്ന ഒരാസുരകാലം. ആത്മീയതയെ എതിർത്താൽ തന്നെ സ്നേഹത്തെയും ധർമ്മത്തെയും എന്തിനാണ് എതിർക്കുന്നത്. അതാണ് ഗുരു ചോദിക്കുന്നത്. ഗുരുവിന്റെ ആശയങ്ങളെ അന്ധമായിപിന്തുടരാനോ ഗുരുവിനെ അനുകരിക്കാനോ ഗുരു ആരോടും പറഞ്ഞില്ല. അത് തന്നെയാണ് ഗുരുവിന്റെ മഹത്വം. ഗുരു നല്കിയ സ്നേഹത്തെ ആർക്കും നിഷേധിക്കാനാവില്ല. ആത്മീയത എന്ന വാക്കിലൂടെ എന്ത് നാം മനസിലാക്കിയാലും നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ ദർശനങ്ങൾ മനസിലാക്കുകയും പഠിക്കുകയും കർമനിരതരാവുകയുമാണ് വേണ്ടത്. അതിലൂടെ നാം നമ്മെത്തന്നെ അറിയുകയാണ്.

# ശാന്തിഗിരിയുടെ സേവനങ്ങൾ സ്തുത്യർഹം: അഡ്വ.ജോയ്സ് ജോർജ് എം.പി.



ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം ജോയ്സ് ജോർജ് എം.പി. നിർവ്വഹിക്കുന്നു

**കട്ടപ്പന:** ആതുരസേവനമേഖലയിൽ ശാന്തിഗിരിയുടെ സേവനങ്ങൾ സ്തുത്യർഹമെന്ന് അഡ്വ. ജോയ്സ് ജോർജ് എം.പി. കട്ടപ്പനയിൽ ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാരതീയ ചികിത്സാവിഭാഗങ്ങളായ ആയുർവേദത്തിനും സിദ്ധത്തിനും അർഹമായ പ്രാധാന്യം നൽകുന്നതിനും രാജ്യവ്യാപകമായി പ്രചരിപ്പിക്കുന്നതിലും ശാന്തിഗിരിയുടെ സംഭാവന വളരെ വലുതാണ്. കേരളത്തിൽ മാത്രമല്ല പുറത്തും ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായ രീതിയിലാണ് നടക്കുന്നത്. ന്യൂഡൽഹിയിലെ ആശ്രമത്തിന്റെ പ്രവർത്തനങ്ങളിൽ ഇപ്പോഴും പങ്കാളിയാകുവാനും കഴിയുന്നത് തന്റെ ഭാഗ്യമായി കരുതുന്നുവെന്നും എം.പി കൂട്ടിച്ചേർത്തു. ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മറ്റി അസിസ്റ്റന്റ് ജനറൽ കൺവീനർ എ.കെ.തങ്കപ്പൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാന തപസ്വി മഹനീയ സാന്നിധ്യമായി. ചടങ്ങിൽ കൗൺസിലർ സി. കെ.മോഹനൻ, സജി.വി.ആർ, വാർഡ്മെമ്പർമാരായ ബീന വിനോദ്, ബിന്ദുലത രാജു, തങ്കമണി രവി, എൽസമ്മ, മാർക്കറ്റിംഗ് മാനേജർ ബിനുകുമാർ സി.ആർ, ഡെപ്യൂട്ടി മാനേജർ രാജീവ്.എസ്.ജി, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ.സിനോ.എസ്.ഷാജി, സി.എൻ.രാജപ്പൻ പിള്ള എന്നിവർ പ്രസംഗിച്ചു. സ്വാമി ജയപ്രിയൻ ജ്ഞാന തപസ്വി സ്വാഗതവും സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി കൃതജ്ഞതയും പറഞ്ഞു.



ബ്ലാക് ബെൽറ്റ് നേടിയ വിദ്യാർത്ഥികൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിക്കൊപ്പം

## 60 പേർക്ക് കരാട്ടെ ബ്ലാക്ക് ബെൽറ്റ്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർഷൽ ആർട്സിന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് അന്തർ ജില്ലാതല കരാട്ടെ ടെസ്റ്റ് നടത്തി. ടെസ്റ്റിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്ന് അറുപതോളം വിദ്യാർത്ഥികൾ ബ്ലാക്ക് ബെൽറ്റ് കരസ്ഥമാക്കി. കരാട്ടെ അസോസിയേഷൻ ഓഫ് ഇന്ത്യ ടെക്നിക്കൽ ഡയറക്ടറും കൊഫുത്താൻ ഷിറ്റോ റിയോ കരാട്ടെ സ്കൂൾ ഇന്ത്യൻ ചീഫുമായ സെൻസായ് കനകരാജ് ബ്ലാക്ക് ബെൽറ്റ് നല്കി. വിജയികൾക്കുള്ള സർട്ടിഫിക്കറ്റു വിതരണം സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സമ്മാനിച്ചു.



ഇക്കഴിഞ്ഞ ഹയർ സെക്കന്ററി പരീക്ഷയിൽ 1131 മാർക്ക് നേടി ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കുമാരി കരുണ എസ്.എസ്.

## ഏകദിനയാത്ര

**എജ്യൂക്കേഷൻ സോൺ:** പോത്തൻകോട് എൽവിഎച്ച്എസിൽ നടന്ന എൻ.എസ്.എസ് സമ്മർ വെക്കേഷൻ ക്യാമ്പിന്റെ ഭാഗമായി ഏകദിന പഠന യാത്ര നടന്നു. തെൻമല ഇക്കോ ടൂറിസം സൈറ്റിലേക്കുള്ള യാത്രയിൽ ശാന്തിഗിരി വിദ്യാഭവനിൽ നിന്ന് 24 എൻ.എസ്.എസ്. വോളണ്ടിയർമാർ പങ്കെടുത്തു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ രാവിലെ എട്ടു മണിയോടെ പുറപ്പെട്ട സംഘം വൈകുന്നേരം ആറരയോടെ തിരിച്ചെത്തി.

## മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം.പി. പ്രമോദ് വിരമിക്കുന്നു



എം.പി. പ്രമോദ്

**പിരപ്പൻകോട്:** മാണിക്കൽ പഞ്ചായത്ത് സെക്രട്ടറി എം.പി. പ്രമോദ് സ്തുത്യർഹമായ സേവനത്തിനുശേഷം ഈ മാസം 31 ന് വിരമിക്കുന്നു. 1985 ൽ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ബ്ലോക്ക് ഓഫീസിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച എം.പി. പ്രമോദ് പിന്നീട് യു.ഡി. ക്ലാർക്ക്, ഫസ്റ്റ് ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചു. കോട്ടയം ജില്ലയിലെ നീണ്ടൂർ, കല്ലറ, ഞീഴൂർ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, മംഗലപുരം പഞ്ചായത്തുകളിലും സേവനം ചെയ്തിട്ടുണ്ട്. 2011 ലാണ് ആശ്രമം ഉൾപ്പെടുന്ന മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റത്. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം, ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരനും കൂടിയാണ് എം.പി. പ്രമോദ്. ഭാര്യ: ഗീതാബായ് ബി., മകൻ: സത്പ്രഭ എം.പി. ജൂൺ ഒന്നിനു ശാന്തിഗിരി ആശ്രമം റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിൽ നടക്കുന്ന യാത്രയയപ്പ് സമ്മേളനം തദ്ദേശ സ്വയംഭരണമന്ത്രി കെ.റ്റി. ജലീൽ ഉദ്ഘാടനം ചെയ്യും. നാലു മണി മുതൽ സ്നേഹ വിരുന്നും ഉണ്ടായിരിക്കും.

## ശാന്തിമഹിമ ക്യാമ്പ്

**കന്യാകുമാരി:** ശാന്തിഗിരി ശാന്തിമഹിമയുടെ ആഭിമുഖ്യത്തിൽ മെയ് 21ന് നെയ്യാറ്റിൻകര കന്യാകുമാരി ഏരിയകളിലെ പ്രവർത്തകർക്കായി ഏകദിന പഠന ക്യാമ്പ് ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിൽ വച്ച് നടന്നു.

## ദിവംഗതരായി



ഡോ. വി. രാംദാസ്

**വിരുദുനഗർ (തമിഴ്നാട്):** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പലായിരുന്ന അർപ്പുകോട്ടൈ ഡോ. വി. രാംദാസ് (74) ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ രമാദേവി. മക്കൾ: വിജയകുമാർ, സതീഷ് കുമാർ, പ്രദീപ. 2005 മുതൽ 2013 വരെ ഡോ. രാംദാസ് സിദ്ധ മെഡിക്കൽ കോളേജിൽ സേവനം അനുഷ്ഠിച്ചിരുന്നു.



പി. ശ്രീകുമാരൻ നായർ

**തിരുവനന്തപുരം:** ശാസ്തമംഗലം കൊച്ചാർറോഡ് മൈത്രി ലെയ്ൻ കെ. 148 മിഥിലയിൽ പി. ശ്രീകുമാരൻ നായർ (82) മെയ് 21 ന് ദിവംഗതനായി. പർണ്ണശാലയുടെയും സഹകരണമന്ദിരത്തിന്റെയും സ്ട്രക്ചറൽ എൻജിനീയറിംഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നു. ഭാര്യ: ശാരദാ നായർ. കിരൺ നായർ, ലക്ഷ്മി നായർ.

## അഭിനയ പരിശീലന കളരി ശ്രദ്ധേയമായി



അഭിനയ കളരിയിൽ പങ്കെടുത്തവർ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വിക്കൊപ്പം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ മെയ് 21 ന് ഏകദിന അഭിനയ പരിശീലന കളരി നടന്നു. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ നടന്ന പരിപാടി ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. കലയിലൂടെ ഗുരുവിന്റെ ആശയങ്ങൾ ലോകത്ത് എത്തിക്കാൻ സാധിക്കണമെന്ന് ആദരണീയ സ്വാമി പറഞ്ഞു. ദിഗ് വിജയം സതീശൻ അദ്ധ്യക്ഷത വഹിച്ചു. മനോജ് കുമാർ സി.പി., എൻ.സി. പിള്ള, മനു എൻ.എം., സത്പ്രഭ എം.പി. തുടങ്ങിയവർ സംസാരിച്ചു. അജിത്ത് വെള്ളനാട്, സ്വാമിനാഥൻ പുറക്കാട് എന്നിവർ പരിശീലന കളരിക്ക് നേതൃത്വം നല്കി. പരിശീലന പരിപാടിയുടെ ഭാഗമായി കുട്ടികൾ എഴുതിയ നാടകങ്ങൾ അവതരിപ്പിക്കുന്നതും മികച്ച നാടകത്തിന് സമ്മാനം നല്കുന്നതുമാണ്.

Gurucharanam Saranam

Santhigiri

ശാന്തിഗിരി വിദ്യാഭവൻ കിന്റർഗാർട്ടൻ

അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ പുതിയ ബിൽഡിംഗിൽ ജൂൺ 5 ന് പ്രവർത്തനമാരംഭിക്കുന്നു.

ഞങ്ങളുടെ പ്രത്യേകതകൾ

ലാംഗ്വേജ് ലാബ് • വീഡിയോ ഗെയിം മറ്റ് വിനോദോപാധികൾ

വ്യക്തിത്വ വികസനത്തിനായി ആസ്ട്രേലിയ ആസ്ഥാനമായ ഹെലൻ ഒ ഗ്രേഡിയുടെ ക്ലാസ്സുകൾ

• സ്കൗട്ട് & ഗൈഡ് • ഫോറസ്ട്രി ക്ലബ്ബ് • കുതിരസവാരി

അഞ്ചാംക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷണം



SANTHIGIRI VIDYABHAVAN SENIOR SECONDARY SCHOOL

(Affiliated to CBSE No. 930219)

Santhigiri P.O., Thiruvananthapuram-695 589

+91 471 2410326, 9526891808, 9847948391, 9656644271

santhigirividyabhavansss@gmail.com svbsss.santhigiriashram.org

# സ്പോക്കൺ ഇംഗ്ലീഷ് ട്രെയിനിംഗ് ക്ലാസ്

**സ്പിരിച്വൽ സോൺ:** സ്പോക്കൺ ഇംഗ്ലീഷ്, മെഡിറ്റേഷൻ എന്നിവയിൽ മാസ്റ്റർ ട്രെയിനറായ ബാബ അലക്സാണ്ടർ ജൂൺ 3 മുതൽ 8 വരെ ആശ്രമത്തിൽ ട്രെയിനിംഗ് ക്ലാസ് നടത്തും. സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ നടക്കുന്ന ഈ പഠനക്യാമ്പിൽ എല്ലാ ഡിപ്പാർട്ട്മെന്റ് ഡിവിഷൻ യൂണിറ്റ് പ്രതിനിധികൾക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9016880022 എന്ന നമ്പരിൽ ബന്ധപ്പെടുക.



*ബാബ അലക്സാണ്ടർ*

# വിവാഹിതരായി



ബാംഗളൂർ നാഗസാന്ദ്ര നെലാഗെഡരണഹള്ളി വെങ്കിടേശൻ ജി. രവിയുടെ മകൻ ഗണപതി സുബ്രഹ്മണ്യനും സുൽത്താൻ ബത്തേരി കുപ്പാടി ആറുകണ്ടത്തിൽ എ.എൻ. പുഷ്കരന്റെ മകൾ വന്ദനയും മെയ് 18 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ചു വിവാഹിതരായി.

ADMISSION OPEN-2017

Apply now

09656361137

KERALA STATE RUTRONIX

PSC നിയമനങ്ങൾക്ക് യോഗ്യമായ ഗവ. അംഗീകൃത

PGDCA, DCA, DATA ENTRY, AUTO CAD,

COMP. FIN. ACCOUNTING, COMPUTER TTC, DIPLOMA IN DTP

OFFICE AUTOMATION, WEB DESIGNING

കോഴ്സുകൾക്ക് സ്കോളർഷിപ്പോടുകൂടിയുള്ള പ്രവേശനം

Short Term Courses : Ms OFFICE / C/ C++/ JAVA/ VB/ .NET Frame Work/ PHP/ Linux/ TALLY

ഞങ്ങൾ നടത്തുന്ന മറ്റ് കോഴ്സുകൾ

CIVIL SERVICE FOUNDATION COURSE

*Empower the Little minds*
*To become the master minds*

IAS, LSAT (Law School Admission Test) എന്നീ ഉയർന്ന മത്സരപരീക്ഷകൾ നേരിടുന്നതിനായി സ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് Critical Thinking -നെ അടിസ്ഥാനമാക്കി വിദ്യാഭ്യാസം നൽകുന്ന രീതി ഇന്നു നിലവിലുï. ദേശീയതലത്തിലും രാജ്യാന്തരതലത്തിലും ഈ സമ്പ്രദായത്തിന് വളരെ പ്രസക്തിയുï. അതിന്റെ ഭാഗമായി 5-ാം ക്ലാസുമുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് AITC -യിൽ സിവിൽ സർവ്വീസ് ഫൗഷേൻ കോഴ്സ് വിജയകരമായി നടന്നുവരുന്നു. ശനി, ഞായർ ദിവസങ്ങളിലും മറ്റ് അവധി ദിവസങ്ങളിലുമാണ് ക്ലാസ്.

Course Director : **Sri. Kannan** MBA,MA (Eng), MCSE, PG Diploma in Energy Management (Pennsylvania University) Public Administiration & Education Management (MIT)

100% തൊഴിലവസരം ഉറപ്പ്നൽകുന്ന 6 മാസ കോഴ്സ്

CAT

Certificate in Accounting Technicians (Govt. of India)

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. (യോഗ്യത : +2 pass)

+1, +2 COMMERCE, B. COM & M.COM

അദ്ധ്യാപനരംഗത്ത് നാലുപതിറ്റാിന്റെ അനുഭവസമ്പത്തുള്ള **പ്രൊഫ. എ. അബ്ദുൾ റഷീദ്** (Rtd.Prof.in Commerce, Govt. Arts College, Tvpm) നയിക്കുന്ന ക്ലാസുകൾ.

അഡ്മിഷൻ തുടരുന്നു...

നിങ്ങൾക്കും നേടാം സർക്കാർജോലി...

FLAIR PSC COACHING

CALL : 9656361137

LGS (യോഗ്യത 7-ാംക്ലാസ്)

FIREMAN (യോഗ്യത +2)

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു..

*Special Coaching for :*

PSC, UPSC, SSC, RRB, Bank PO

Authorised Training Centre

AITC Academy of IT & COMMERCE

കേരള സ്റ്റേറ്റ് റൂട്രോണിക്സ് അംഗീകൃത പഠനകേന്ദ്രം

Kunnathkonam Building, Melemukku, Pothencode,

ANNEX: 1st Floor, Azeez Bhavan, Melemukku,Pothencode,Tvpm-695 584,

Ph: 0471 2717137, 9656361137, 9496968347






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala